

# ലിയോവസന്തം

## *2019-20*

ലിയോവസന്തം

# വാട്സ് ആപ്

അമ്മേ ആ മൊബൈൽ  ഒന്ന്

തരുമോ?"പോയിരുന്ന പഠിക്ക്".

അയോണയോട് അമ്മ ദേഷ്യത്തോടെ പറഞ്ഞു.

“ടീച്ചറോട് ഒരു സംശയം

ചോദിക്കാനാ..........”

അവൾ    കൊഞ്ചിക്കൊണ്ട്

പറഞ്ഞു .

അമ്മ സമ്മതിച്ചു.അയോണ

മൊബൈൽ ഫോൺ    എടുത്ത്

വാട്ട്സ് ആപ് തുറന്നു.സുഗന്ധി ടീച്ചറിന്റെ

നമ്പറെടുത്തു.ഭാഗ്യം!ടീച്ചർ ഓൺലൈനിൽ ഉണ്ട്.അവൾ

ടൈപ്പ്    ചെയ്തു  തുടങ്ങി.

ഹായ് ടീച്ചർ.ഞാൻ അയോണയാണ്.

ഹായ് അയോണ എന്തെടുക്കുന്നു?

ഒരു കാര്യം  ചോദിക്കാനാ.

ചോദിക്കൂ.

കറുകയും ,മുയൽച്ചെവിയനും

നിലപ്പനയും, എന്റെവീട്ടിലുണ്ട്.വേറെ ഏതെക്കെയാ ടീച്ചറേ

വേണ്ടത്?

വിഷ്ണുക്രാന്തി കൊണ്ട് വരാമോ?

വിഷ്ണുക്രാന്തിയോ അതെന്ത്

ചെടിയാ? നിലത്തു പറ്റി വളരുന്ന ചെടിയാ നിലപ്പൂക്കളും .ശരി

ടിച്ചറെ. ഞാൻ അമ്മയോട് ചോദിക്കാം.ശരി അയോണ

ജൈവവൈവിധ്യ ഉദ്യാനത്തിലേക്ക് ഇനിയും നമുക്ക് കുറേ

ചെടികൾ വേണം ശരി ഞാൻ അമ്മയെ ഈ ചിത്രം കാണിക്കാം.

അയോണ മൊബൈൽ ഫോൺ പിടിച്ചുക്കൊണ്ട് അമ്മയുടെ

അടുത്തേക്കോടി.

ചിത്രം കാണിച്ചു .

'ഈ ചെടി അമ്മ കണ്ടിട്ടുണ്ടോ'?

"ഇത് അപ്പുറത്തെ തൊടിയിലുണ്ടല്ലോ?നമ്മുക്ക് നാളെ അതിന്റെ

തൈ ഒരെണ്ണം പറിക്കാം.''

"ശരി അമ്മേ....'' അയോണ

മൊബൈൽ അമ്മയ്ക്കുകൊടുത്തിട്ട് അടുത്ത

മുറിയിലേക്ക് പോയി.

**നാസ**

# ശനിയിലേയ്ക്ക്

വാതക ഭീമൻ ഗ്രഹമായ ശനിയിലും ശനിയുടെ ഉപഗ്രഹങ്ങളിലും നീണ്ട പതിമൂന്ന വർഷം പര്യവേഷണം നടത്തിയ കസീനി സ്പേസ് ക്രാഫ്റ്റ് 2017 സെപ്റ്റംബർ 15-ന് ദൗത്യം അവസാനിപ്പിച്ചു.ശനിയുടെ ഉപഗ്രഹങ്ങളായ ടൈറ്റൻ, എൻസിലാഡസ്,എന്നിവയിൽ ജീവൻ തിരയുകയായിരുന്ന കസീനി-ഹൈഗൻസ് ഇരട്ട സ്പേസ് ക്രാഫ്റ്റ് ദൗത്യത്തിന്റെ ലക്ഷ്യം.കസീനി റോവറും,ഹൈഗൻസ് ലാൻഡറുമാണ്.ഹൈഗൻസ് ടൈറ്റനിൽ ഇറങ്ങി ചി ത്രങ്ങൾ എടുത്ത് ഭൂമിയിലേയ്ക്ക് അയച്ചു.ടൈറ്റനിലേയും എൻസിലാഡസിലേയും സമുദ്രങ്ങളിൽ ജീവൻ ഉൽഭവിക്കാനും നിലനിൽക്കാനുമുള്ള സാധ്യതയുണ്ടെന്ന് കസീനി സൂചന നൽകി.കസീനി ദൗത്യത്തിന്റെ തുടർച്ചയായി 2019 മുതൽ 2025 വരെയുള്ള കാലത്ത് അഞ്ച് ശനി പര്യവേഷണ ദൗത്യങ്ങളാണ് നാസ വിഭാവനം ചെയ്യുന്നത്.ശനിയുടെ ഉപഗ്രഹങ്ങളിൽ ജീവൻ തിരയുകയാണ് ലക്ഷ്യം.

## ഡ്രാഗൺ ഫ്ളൈ

ശനിയുടെ ഉപഗ്രഹമായ ടൈറ്റനിലേക്ക് വിക്ഷേപിക്കുന്ന ദൗത്യമാണ് ഡ്രാഗൺ ഫ്ളൈ.ഹെലികോപ്റ്ററിനോട്

സാദൃശ്യമുള്ള ഈ ന്യൂക്ളിയർ ക്വാഡ് കോപ്റ്ററിന് ഹെലികോപ്റ്ററിൽ ഉള്ളതുപോലെ പ്രൊപ്പല്ലറുകൾ ഉണ്ടാകും.സൗരയൂഥത്തിൽ ഭൂമിക്കുവെളിയിൽ,ഉപരിതലത്തിൽ ദ്രാവകം നിറഞ്ഞുനിൽക്കുന്ന ഏക ഗോളമാണ് ടൈറ്റൻ. ഭൂമിയുടെ അന്തരീക്ഷത്തേക്കാൾ കട്ടിയുണ്ട് ടൈറ്റന്റെ അന്തരീക്ഷത്തിന്.

ദ്രാവക മീഥേയ്ൻ ഒഴുകുന്ന അരുവികളും കടലുകളും നിറഞ്ഞ ടൈറ്റന്റെ ഉപരിതലം റോവർ ദൗത്യത്തിന് അനുയോജ്യമല്ല . അതുകൊണ്ടാണ് ഡ്രാഗൺ ഫ്ളൈ എന്ന ന്യൂക്ലീയർ ക്വാഡ് കോപ്ടർ വിശേഷിപ്പിക്കാൻ നാസ ഒരുങ്ങുന്നത് . ഡ്രോൺ ദൗത്യമെന്നും ഇതിനെ വിശേഷിപ്പിക്കാൻ കഴിയും .

## ***ഓഷ്യാനസ്***

ടൈറ്റനിലേക്കുള്ള രണ്ടാമത്തെ ദൗത്യമാണ് ഓഷ്യാനസ് . ഓഷ്യാനസ് ഒരു ഓർബിറ്റർദൗത്യമാണ് . കസീനിദൗത്യത്തിന്റെ ബേസ് സ്റ്റേഷനായ ജെറ്റ് പ്രൊപൽഷൻ ലബോറട്ടറിയാണ് ഈ ഓർബിറ്റർ നിർമ്മിക്കുന്നതും നിയന്ത്രണം നിർവഹിക്കുന്നതും .

# ***അച്ചടക്കം***

ലിയോവസന്തം

അന്ന് അസംബ്ലിയുള്ള ദിവസമായിസമായിരുന്നു ടീച്ചർമാരും ഹെഡ്മാസ്റ്ററും ഹാജരായി ഹെഡ്മാസ്റ്റർ സംസാരിച്ചു

നിങ്ങൾ സ്കൂളിൻെ്റ മുറ്റത്തു കിടന്ന് ഓടരുത്. അച്ചടക്കത്തോടെ പെരുമാറണം

ഓ

ഞങ്ങളുടെ ഇടയിൽ നിന്നൊരു ശബ്ദം! ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. ഹെഡ്മാസ്റ്ററുടെ മുമ്പിൽ നിന്ന് കമാനൊരക്ഷരം മിണ്ടാത്തവരല്ലേ ഞങ്ങൾ. വെറും ഭീരുക്കൾ.

ഇപ്പോൾ ഇതാർക്കാ ഇത്ര ധൈര്യം!

ആരാ അത്? ഹെഡ്മാസ്റ്റർ വിളിച്ചു ചോദിച്ചു.

നിശ്ശബ്ദത.

ഓ അങ്ങനെ വഴിക്കുവാ ഹെഡ്മാസ്റ്റർ പറയാൻ

# *മഴയുടെ അതിരുകൾ*

പെട്ടെന്നാണ് മഴ തകർത്തു പെയ്യാൻ തുടങ്ങിയത്. ബസിൽ

കയറുമ്പോൾ ചെറിയ തുള്ളികൾ പൊടിയുന്നുണ്ടായിരുന്നു.ബസ് വളവു തിരിഞ്ഞപ്പോഴേക്കും മഴയുടെ ശക്തി കൂടാൻ തുടങ്ങി. പിന്നെ കുറച്ചു സമയത്തേക്ക് പെരുമഴ തന്നെ. ഓടുന്ന ബസിൽ ഷട്ടർ അൽപ്പം ഉയർത്തി മഴയുടെ കുളിരും ഭംഗിയും ആസ്വദിച്ചു കൊണ്ടിരുന്നു.

# *മഹദ് വചനങ്ങൾ*

വെടിയുണ്ടയേക്കാൾ ശക്തിയുള്ളതാണ് ബാലറ്റ്.--എബ്രഹാം ലിങ്കൺ.

അധികാരം ദുഷിപ്പിക്കും.പൂർണാധികാരം പരിപൂർണമായും ദുഷിപ്പിക്കും.--ആക്സൺ പ്രഭു.

മതമില്ലാത്ത ശാസ്ത്രം മുടന്തനാണ്.ശാസ്ത്രമില്ലാത്ത മതം അന്ധനും.--ആൽബർട്ട് ഐൻസ്റ്റീൻ.

മാലാഖമാർ കയറാൻ മടിക്കുന്നിടത്ത് മഠയൻമാർ പാഞ്ഞുകയറും.--അലക്സാണ്ടർ പോപ്പ്.

രണ്ടു ശരീരങ്ങളിലെ ഒറ്റ ആത്മാവാണ് സൗഹൃദം--
അരിസ്റ്റോട്ടിൽ.

എനിക്ക് നിൽക്കാനൊരിടവും ഒരുത്തോലകവും തരൂ..ഞാൻ ഈ ഭൂമിയെ ഉയർത്താം--ആർക്കിമിഡീസ്..

വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പ്പുള്ളതും ഫലങ്ങൾ മധുരമുള്ളതുമാണ്--അരിസ്റ്റോട്ടിൽ.

തെറ്റ് മാനുഷികമാണ്,ക്ഷമ ദൈവികവും-- അലക്സാണ്ടർ പോപ്പ്.
ഓർക്കുക സമയം പണമാണ്--ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

രക്ത മാംസങ്ങളുള്ള ഒരു മനുഷ്യൻ ഇങ്ങനെ ഭൂമിയിൽ ജീവിച്ചിരുന്നുവെന്ന് വരും തലമുറ വിശ്വസിച്ചെന്നിരിക്കില്ല—ആൽബർട്ട് ഐൻസ്റ്റീൻ,ഗാന്ധിജിയെപ്പറ്റി.

താഴ്ന്ന ലക്ഷ്യം ഒരു കുറ്റമാണ്--എ.പി.ജെ.അബ്ദുൾ കലാം.

കാളയെപ്പോലെ പണിയെടുക്കു,സന്യാസിയെപ്പോലെ ജീവിക്കു--ഡോ.ബി ആർ.അംബേദ്കർ.

ആഗ്രഹമാണ് സർവദുഃഖങ്ങളുടേയും കാരണം--ശ്രീ ബുദ്ധൻ.

സ്വരാജ് എന്റെ ജന്മാവകാശമാണ്.ഞാനതു നേടിയെടുക്കുകതന്നെ ചെയ്യും.

കൃഷി പരാജയപ്പെട്ടാൽ സർക്കാരും രാഷ്ട്രവും പരാജയപ്പെടും--ജവഹർലാൽ നെഹ്റു.

എനിക്ക് ഒരു കൾച്ചറേ അറിയൂ.അത് അഗ്രിക്കൾച്ചറാണ്.--സർദാർ വല്ലഭായ് പട്ടേൽ.

ഞാനൊരു കുറ്റവാളിയല്ല,രാജ്യസ്നേഹിയാണ്.--ഭഗത്സിങ്.

വിദ്യ നേടൂ,സംഘടിക്കൂ,സമരം ചെയ്യൂ.--ഡോ.ബി.ആർ.അംബേദ്കർ.

ആയിരം ബയണറ്റുകളേക്കാൾ ഭയക്കേണ്ടത് നാല് എതിർ പത്രങ്ങളെയാണ്.--നെപ്പോളിയൻ ബോണപ്പാർട്ട്.

തൂലിക പടവാളിനേക്കാൾ ശക്തമാണ്--എഡ്വേഡ് ലിട്ടൺ

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്--ശ്രീ നാരായണ ഗുരു.

ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന്--സഹോദരൻ അയ്യപ്പൻ

നിങ്ങൾക്ക് ഒരു പ്രതിസന്ധി വരുമ്പോൾ ബന്ധുക്കളെ തിരിച്ചറിയാം--ചാണക്യൻ.

സമയവും തിരകളും ആർക്കു വേണ്ടിയും കാത്തു നിൽക്കാറില്ല—ജോഫ്രി ചോസർ

# ***മാഞ്ഞുപോയ കഥ***

പുഴ കഥയെഴുതാൻ തുടങ്ങി . വിവരമറിഞ്ഞപ്പോൾ കാറ്റിന് ഉത്സാഹമായി . പുഴയുടെ കഥയിൽ തനിക്കും ഒരിടം കിട്ടിയേക്കാം. . . . പുഴയിലേക്ക് വളർന്നിറങ്ങിയ കണ്ടൽക്കാടിനോടും അവിടെ മുട്ടയിടാനെത്തിയ മീനുകളോടും കാറ്റ് വിശേഷം പങ്കു വച്ചു . അവർക്കും സന്തോഷമായി . തങ്ങളും കഥയിൽ ഇടം നേടിയേക്കാം . പറഞ്ഞു പറഞ്ഞു വിവരമറിഞ്ഞ മണൽതിട്ടയ്ക്കും ആവേശം വന്നു . താനും ഈ കഥയിൽ ഒരു ഭാഗമായതു തന്നെ . ചൊരിമണലിൽ കഥയെഴുതി . എഴുതിയെഴുതിനീങ്ങവേ പാവം പുഴ എവിടയോ മറഞ്ഞു......

# ***കണിക്കൊന്നപൂത്തപ്പോൾ***

വിഷുക്കാലംന്നല്ലോ
കണിക്കൊന്ന പൂത്തല്ലോ

ലിയോവസന്തം

കണ്ണിന കണിയായി
പൊന്നിൻ നിറമല്ലോ

വിഷുപ്പക്ഷി പാടുന്നു
വിത്തെല്ലാം വിതയ്ക്കാറായി
കണി മുമ്പിൽ നിറയുവാൻ
കതിരിട്ടു പാടങ്ങൾ

പൊൻതളിക ഒരുക്കിന്ന
കണിവെള്ളരി കണ്ണിമാങ്ങ
കൃഷിക്കാലം പൊലിക്കട്ടേ
അകമെല്ലാം നിറയട്ടേ

# തകര പെറുക്കുന്നവർ

തകര എന്നു കേൾക്കുമ്പോൾ നിങ്ങൾ കേൾക്കുന്നത്
തുരുമ്പിച്ച ഇരുമ്പുഷീറ്റെന്നാവും. ഞാൻ ജീവനുള്ള തകര.
ഈ വേനൽക്കാലത്ത് ഞെട്ടിക്കുന്ന ഒരു സംഭവം ഉണ്ടായി.പാലക്കാട്
ജില്ലയിലെ പടിഞ്ഞാറെ അറ്റത്തുള്ള പട്ടിക്കായൽ എന്നു വിളിക്കുന്ന
വെള്ളക്കെട്ടിലാണ് എന്റെ താമസം.ഇവിടുത്തെ വെള്ളം വളരെ അധികം
വറ്റി.വരണ്ടു.എന്റെ കായ്കൾ
പാടത്ത് മുഴുവൻ പടർന്നുകിടന്നു.
കായലിന്റെ സമീപത്തുള്ളവരുടെ വേനൽക്കാല വരുമാനമാർകമാണ്
തകര പെറുക്കൽ.ഇതിന് കൊച്ചുകുട്ടികൾ മുതൽ മറ്റ് ജോലിക്കുപോകാൻ

കഴിയാത്ത പ്രായമായവർ വരെ ഉണ്ടാകും.വീണു കിടക്കുന്ന കായ്കൾ ശേഖരിച്ച് ഉണക്കി വിൽക്കും.തുടക്കത്തിൽ നല്ല വില കിട്ടുമെന്കിലും ധരാളമാവുമ്പോൾ വില കുറയും.
വെള്ളം വറ്റിയതു കൊണ്ട് ഒരു കഷണം പോലും ബാക്കി വയ്ക്കാതെ കായ്കൾ മുഴുവൻ അവർ ശേഖരിച്ച്   വിറ്റു.ഇനി അടുത്ത വർഷം വരുന്ന കുട്ടികൾക്ക് ഞാനെന്തു കൊടുക്കും.

# *ിന്നൻ പറഞ്ഞത്*

ർ അടച്ചു. ഇനി ചങ്ങാതികുടതതിന്പിടിപ്പത്പണിയാണ്. എതൊക കളികളാണാവാ ഇനി ടുനത്? കുടികളുടെ ഈ ചങ്ങാതതിന് വീടുകാരുടെ സമമതെമാനമിലെകലു അവർ ില്ല.എന്നും     വായനശാലയുടെ വരാന്തയിൽ അവർ കണ്ടുമുട്ടും കളികളും ചർച്ചകളും ഘോഷികും.

# ിന്നൻ പറഞ്ഞത്

ൽ അടച്ചു. ഇനി ചങ്ങാതികുടതതിന്‌പിടിപ്പത്‌പണിയാണ്‌. എതൊക കളികളാണാവാ ഇനി ടുനത്? കുടികളുടെ ഈ ചങ്ങാതതിന് വീടുകാരുടെ സമമതെമാന്നമിലെകല്ല അവർ ില്ല.എന്നും വായനശാലയുടെ വരാന്തയിൽ അവർ കണ്ടുമുട്ടും കളികളും ചർച്ചകളും ഘോഷികും.

# *കണിക്കൊന്ന പൂത്തപ്പോൾ*

## വിഷുക്കാലം വന്നല്ലോ
## കണിക്കൊന്ന പൂത്തല്ലോ
## കണ്ണിന്നു കണിയായി
## പൊന്നിൻ നിറമായല്ലോ

വിഷുപ്പക്ഷി പാടുന്നു
വിത്തെല്ലാം വിതയ്ക്കാറായ
കണി മന്ബിലൽ നിറയുവാൻ
കതിരിട്ടൂ പാടങ്ങൾ

പൊൻതളിക ഒരുക്കുന്ന കണിവെ

ലിയോവസന്തം

# തേൻമല

ഗോവിന്ദനും ജാനകിയും ഉറക്കമുണർന്നു, ചുറ്റും നോക്കി. അയ്യോ! ഇതെ-

ന്താ... ഇങ്ങനെ? ചുറ്റും

മഞ്ഞനിറം മാത്റം. ഗോവിന്ദ-

ൻ മുയൽ മഞ്ഞ! ജാനകി

ജിറാഫും മഞ്ഞ! ഗോവിന്ദ-

ൻ മുയൽ പച്ചപ്പുല്ല അന്വേ-

ഷിച്ചു, ജാനകി ജിറാഫ് പച്ചയിലയും. ഇല്ല ഒരിട-

ത്തുമില്ല. തേന്മല മഞ്ഞമല-

യായി. മഞ്ഞമലയിൽ മഞ്ഞ-

യില, മഞ്ഞമരങ്ങൾ, മഞ്ഞ-

പ്പൂവ്, മഞ്ഞപ്പാറ. അങ്ങനെ-

യെല്ലാം മഞ്ഞ. ഇനിയെന്ത്

ചെയ്യും?

ഗോവിന്ദനും ജാനകിയും

ചിമ്പു ഗുരുവിനെ കണ്ടു

ലിയോവസന്തം

"ഹാ... ഹാ... മഞ്ഞയാണ-

ല്ലോ പ്റഷ്നം"

"ആരും നണപറയാത്ത

# കടങ്കഥകൾ

മണ്ണിനടിയിൽ പൊന്നമ്മ—മഞ്ഞൾ.

വായില്ല,നാക്കുണ്ട്,നാക്കിൻമേൽ പല്ലുണ്ട്--ചിരവ.

നാലു കാലുണ്ട്,നടുവുണ്ട്,മുതുകുണ്ട്,നായയ്ക്കു തിന്നാൻ ഇറച്ചിയില്ല—കസേര.

അമ്മ കല്ലിലും മുള്ളിലും.മകൾ കല്യാണ പന്തലിൽ—വാഴ.

ഒരു കുഴിയിൽ രണ്ടു പാമ്പാടുന്നു--നെല്ലു കുത്തുന്നത്.

അകത്തു തിരിതെറുത്ത് പുറത്തു മുട്ടയിട്ടു--കുരുമുളക്.

# മദ്യാസക്തി

അക്ബറിന് ക്രിസ്തുമതക്കാരിയായ ഒരു മദാമ്മയും ഭാര്യയായി ഉണ്ടായിരുന്നു.സുന്ദരിയാണവർ.രാജാവിന് ഏറെ പ്രിയങ്കരിയും.

രാജ്യ കാര്യങ്ങളുമായി മല്ലടിച്ച് തളരുന്ന ദിവസങ്ങളിൽ അക്ബർ മദാമ്മയുടെ അടുത്താവും ചെല്ലുന്നത്.സ്നേഹ സൽക്കാരങ്ങളാൽ അവർ രാജാവിനെ അത്യധികം സന്തോഷിപ്പിക്കാറുണ്ട്.അക്ബറിന്റെ സന്തോഷത്തിനും സുഖനിദ്രയ്ക്കും കാരണമായിരുന്നതും മദാമ്മ നൽകിയ പാനീയമായിരുന്നു.ഒന്നാം തരം വീഞ്ഞു തന്നെ.

അൽപ്പാൽപ്പമായി വീഞ്ഞിന്റെ അളവ് കൂടി.അക്ബർ അതിന് അടിമയായി.മദാമ്മയുടെ കൊട്ടാരത്തിൽ അലസനും നിദ്രാവലംബിയുമായി കഴിയവേ രാജ്യഭരണം അവതാളത്തിലുമായി.

എത്രനാളാണ് ഇതു സഹിക്കുക? ഒരു പരിഹാരമുണ്ടാക്കിയേ പറ്റൂ. മന്ത്രിമാർ ബീർബലുമായി  അവരുടെ ഉൽക്കണ്ഠ പങ്കു വച്ചു. കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞ ബീർബൽ കൊട്ടാരത്തിൽ മദ്യമെത്തിക്കുന്നവനെ അതിൽ നിന്നു തടഞ്ഞു. എന്നിട്ടും വലിയ ഫലമുണ്ടായില്ല.രാജാവിനോടു പിണക്കം ഭാവിച്ച് ബീർബൽ ദീർഘകാലം അവധിയെടുത്തു.രാജാവ് അതും കാര്യമായി എടുത്തില്ല.

ഒരു ദിവസം പൂന്തോട്ടത്തിൽ അക്ബർ ഉലാത്തവേ അദ്ദേഹത്തിന്റെ സ്വകാര്യ മുറിയിൽ ബീർബൽ ഒളിച്ചു കടന്ന് എങ്ങും പരതി നോക്കി.ഒടുവിൽ രാജാവിന്റെ കട്ടിലിനടിയിൽ നിന്നും ഒരു മദ്യക്കുപ്പി

ലഭിച്ചു.അതിലെ ഇംഗ്ളീഷ് അക്ഷരങ്ങൾ അദ്ദേഹം വായിച്ചു.
മദാമ്മയാണ് മനഃപൂർവ്വം ചക്രവർത്തിയെ മദ്യപാനിയാക്കുന്നതെന്ന്
ബീർബൽ മനസ്സിലാക്കി.
മദ്യക്കുപ്പി ഒരു തുണിയിൽ പൊതിഞ്ഞെടുത്ത് ബീർബൽ
കള്ളനെപ്പോലെ പുറത്തേക്ക് കടന്ന് ഓടാൻ തുടങ്ങി.അക്ബർ അതു
കണ്ട് അത്ഭുതത്തോടെ ചോദിച്ചു.ഹേ ബീർബൽ ,നിങ്ങൾ അനുവാദം
കൂടാതെ എന്റെ മുറിയിൽ കയറിയത് എന്തിന്? ഇറങ്ങി ഓടുന്നതെന്തി
ന്? എന്താണ് നിങ്ങൾ ഒളിച്ചു പിടിച്ചിരിക്കുന്നത്?

ഒന്നും മിണ്ടാതെ ബീർബൽ ഓടാൻതന്നെയാണ് ഭാവം .അപ്പോൾ
അക്ബർ കൽപ്പിച്ചു. ബീർബൽ നില്ല്.അവിടെ എന്താണ് നിങ്ങളുടെ
കയ്യിൽ ?പറയൂ വേഗം. ബീർബൽ നിന്നു.എന്റെ കയ്യിലുള്ളത് ഒരു
തത്തയാണ്. തത്തയോ ?എനിക്കു തോന്നുന്നില്ല. സത്യം
പറയൂ.എന്താണു നിന്റെ കയ്യിൽ.

കുതിര .ബീർബൽ പെട്ടെന്നു പറഞ്ഞു.നിങ്ങൾക്കെന്തു പറ്റി ബീർബൽ ?
എന്റെ ചോദ്യത്തിന് ശരിയായ ഉത്തരം നൽകൂ. ആന. ആനയോ ?
നിന്റെ കയ്യിലോ ? ഭ്രാന്തു പിടിച്ചോ നിനക്ക് ? കഴുത, ഛീ ..എന്തു
പറഞ്ഞു? നീ എന്നെ കളിയാക്കുന്നോ ? ശിക്ഷ വാങ്ങാൻ തന്നെയാണോ
നിന്റെ ഭാവം ? പറയൂ എന്താണ് ഒളിച്ചു വയ്ക്കുന്നത്?
ഒരു കുപ്പി മദ്യമാണ് പ്രഭോ .ഉത്തമനായ ഒരു ഹിന്ദു വിശ്വാസിയാണ്
ബീർബൽ .എന്നിട്ടും മദ്യം മോഷ്ടിച്ചിരിക്കുന്നു.?അൽപ്പം കഴിക്കുകയും
ചെയ്തിട്ടുണ്ടാവണം.അല്ലാതെ ഇങ്ങനെ അസംബന്ധങ്ങൾ വിളിച്ചു
പറയാൻ ധൈര്യപ്പെടില്ല.

അക്ബർ ചോദിച്ചു മദ്യപിച്ചില്ലെങ്കിൽ തത്തയെന്നും ആനയെന്നുമൊക്കെ നീ പറഞ്ഞതിന്റെ അർത്ഥമെന്ത് ?

കയ്യിൽ മദ്യക്കുപ്പി ഉള്ളതുകൊണ്ടുമാത്രം ഞാൻ ഇത്രയും അസംബന്ധം പറയുന്നുണ്ടെങ്കിൽ ശരിക്കും മദ്യപിച്ചവരുടെ കാര്യം പറയാനുണ്ടോ ?വീട്ടു കാര്യവും നാട്ടുകാര്യവും എല്ലാം മറന്ന് പോകില്ലേ ?

നിങ്ങൾ എന്റെ നേരേ അമ്പ് തൊടുക്കുകയാണെന്നു തോന്നുന്നുവല്ലോ.! എങ്കിലും ശരി പറഞ്ഞോളൂ.

പ്രഭോ ഈ കുപ്പിയിൽ ആറു ഘട്ടങ്ങളുണ്ട്.ആറ് നിലകൾ അഥവാ ആറ് അളവുകൾ.
ഒന്നാം കുടിയിൽ ഒന്നിനെപ്പറ്റിയും ചിന്തയില്ല.
രണ്ടാം കുടിയിൽ തത്തയെപ്പോലെ ചിലയ്ക്കാൻ തുടങ്ങും.
മൂന്നാം കുടിയിൽ  കുതിരയെപ്പോലെ ശക്തനാണെന്നു തോന്നും .
നാലാം കുടിയിൽ മദയാനയായി കണ്ടതെല്ലാം നശിപ്പിക്കും.
അഞ്ചാം കുടിയിൽ കഴുതയെപ്പോലെ കരയുകയോ,ചിരിക്കുകയോ പാടുക യോ എന്നറിയാത്ത വിധത്തിൽ ശബ്ദിക്കും.
ആറാം കുടിയിലാകട്ടേ അബോധാവസ്ഥയിൽ വീഴും.

അതാണ് ക്രമമായി ഞാൻ അങ്ങയോട് പറഞ്ഞത് .പ്രഭോ ,മദ്യത്തിനടിമപ്പെടുന്ന മനുഷ്യർക്ക് മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെടും. അവർ ജീവിതം  നശിപ്പിക്കുന്നു. ഒരു രാജാവ് ഇങ്ങനെ തുടങ്ങിയാൽ

രാജ്യം മുഴുവൻ നശിക്കില്ലേ.ഇതറിയിക്കാനാണ് ഞാൻ വന്നത്.അങ്ങയെ കളിയാക്കിയെന്ന തോന്നിയെങ്കിൽ എന്നോട് ക്ഷമിച്ചാലും.

ചക്രവർത്തിക്ക് കാര്യം മനസ്സിലായി.അദ്ദേഹം പറഞ്ഞു,വളരെ നന്ദിയുണ്ട് ബീർബൽ.ഞാനാണ് ക്ഷമ ചോദിക്കേണ്ടത്.നാളെ സഭയിൽ വച്ച് കാണാം. താങ്കൾ പോയാലും.

# *കഴുകൻ കണ്ണുകൾ*

ആശുപത്രിയുടെ
ചുറ്റുമതിലിനകത്തു ഞാൻ
അകപ്പെട്ടു പോയിരിക്കുന്നു.
ഐ സി യു വിലെ തണുത്ത വായു
വാതിലും താണ്ടി
ബൈ സ്റ്റാന്റിന്റെ
ഹൃദയപാളി വരെ-
കൊട്ടി വിളിച്ച് ഭയപ്പെടുത്തുന്നു.
ബൈസ്റ്റാന്റിന്റെ
നിസ്സഹായവസ്ഥയിൽ
ലോകാവബോധത്തിലേയ്ക്ക്
കണ്ണുതുറക്കുകയാണ് ഞാൻ.

## ലിയോവസന്തം

ഒരാമ്പുലൻസിന്റെ
തേങ്ങിക്കരച്ചിലിനായി
ആശുപത്രിയധികൃതർ
ചെവികൾ ട്യൂൺ ചെയ്തു വച്ചിരിക്കുന്നു.
പ്രസവമുറിയിലേക്ക് കയറ്റിയ രോഗിയുടെ
ഭർത്താവിന്റെ ബാങ്ക് ബാലൻസ്
വിദഗ്ധമായി സ്കാൻ ചെയ്യപ്പെടുന്നു.
പിന്നീടെത്ര കത്തിക്കു മൂർച്ച കൂട്ടുന്നതും
ആരവത്തോടെ
ഡോക്ടർ സിസേറിയനിലേക്കു
പ്രവേശിക്കുന്നതും
കാലിടറി വിരൽ മുറിഞ്ഞവന്റെ
മുട്ടുകാലിന്റെ കീഴ്പ്പോട്ടേക്ക്
അറുത്തു മാറ്റാനുള്ള
രഹസ്യ പദ്ധതികൾ
ജയ്പൂർ കാലിന്റെ കമ്മീഷനിലേക്കൊരു
ഒളിച്ചു നോട്ടം
മാർസിയുടെ
അടുക്കളയിൽ വേവുന്ന
രസായനക്കൂട്ടുകൾക്ക്
പൊള്ളുന്ന വിലയിടാൻ
കഴുകൻ കണ്ണുകളുമായി കാത്തിരിക്കുന്ന
വ്യാപാര വിദഗ്ധർ
രോഗാണുക്കളെ ഭാഗ്യചിഹ്നമാക്കി

ലിയോവസന്തം

ഒരു കൂട്ടം കാത്തിരിപ്പുണ്ട്
അവരുടെ ചൂണ്ടക്കൊളുത്തിലേക്ക്
കോർക്കപ്പെടാതിരിക്കാൻ
വല്ലാത്ത ജാഗ്രത വേണം.

# *ക്വിസ്*

വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മൽസ്യം--ഈൽ.

ബുദ്ധന് ജ്ഞാനോദയം ലഭിച്ച സ്ഥലം--ഗയ.

വിലക്കപ്പെട്ട നഗരം എന്നറിയപ്പെടുന്നത്--ലാസ

ഇന്ത്യയിൽ സിംഹങ്ങൾ സംരക്ഷിക്കപ്പെടുന്ന ദേശീയോദ്യാനം--ഗീർ.

സൗന്ദര്യ വർദ്ധക വസ്തുവായും ഔഷധമായും ഉപയോഗിക്കുന്ന ചെടി--മൈലാഞ്ചി.

പാക്കിസ്ഥാന്റെ വാണിജ്യ തലസ്ഥാനം--കറാച്ചി.

ക്വീൻ സിറ്റി എന്നറിയപ്പെടുന്നത്--ഫിലാഡെൽഫിയ.

അക്ബറിന്റെ സദസ്സിലെ നവരത്നങ്ങളിലൊരാളായ

സംഗീതജ്ഞൻ—താൻസൻ.

കർണാടകയുടെ സാംസ്കാരിക തലസ്ഥാനം--മൈസൂർ.

# നസ്റുദ്ദിൻ മുല്ലയുടെ ഭാര്യ

നസ്റുദ്ദീൻ മുല്ലയോട് ഒരു ദിവ-

സം ഭാര്യ പറഞ്ഞു.

"നിങ്ങൾ ഇങ്ങനെ നടന്നോ-

ളൂ. വീട്ടിൽ അരിയില്ല.

പഞ്ചസാരയില്ല.

തേയിലയില്ല."

ഭാര്യയുടെ ശകാരം കേട്ടപ്പോൾ മുല്ല പറഞ്ഞു.

"നീയിങ്ങനെ എപ്പോഴും എല്ലാം
ഇല്ലെന്നു പറയുന്നതിനു പകരം എന്തെ-
ങ്കിലുമൊക്കെ ഉണ്ടെന്നു പറഞ്ഞുടെ?"
ഭാര്യ സമ്മതിച്ചു.
"പറയാമല്ലോ.

ഇവിടെ അരിയുടെ കുറവുണ്ട്.

തേയിലയുടെ ഇല്ലായ്മയുണ്ട്.

പഞ്ചസാരയുടെ അഭാവമുണ്ട്."

അന്നു മുതൽ ആ ഭാര്യ എന്താ-ണോ പറയേണ്ടത് അതിന്റെ എതിരർഥ-മുള്ള വാക്കു മാത്രമേ പറയൂ.

"ദേ നിങ്ങളെക്കാണാൻ ഒരു മിത്രം വന്നു നിൽക്കുന്നു."

നസ്റുദ്ദീൻ മുല്ല ചെന്നു നോ-ക്കിയപ്പോൾ കണ്ണെടുത്താൽ കണ്ടുകൂടാ-ത്ത ശത്രു!

# നസ്റുദ്ദിൻ മുല്ലയുടെ ഭാര്യ

നസ്റുദ്ദീൻ മുല്ലയോട് ഒരു ദിവ-
സം ഭാര്യ പറഞ്ഞു.

"നിങ്ങൾ ഇങ്ങനെ നടന്നോ-
ളൂ. വീട്ടിൽ അരിയില്ല.
പഞ്ചസാരയില്ല.

തേയിലയില്ല."

ഭാര്യയുടെ ശകാരം കേട്ടപ്പോൾ മുല്ല പറഞ്ഞു.

"നീയിങ്ങനെ എപ്പോഴും എല്ലാം ഇല്ലെന്നു പറയുന്നതിനു പകരം എന്തെ-ങ്കിലുമൊക്കെ ഉണ്ടെന്നു പറഞ്ഞൂടെ?"

ഭാര്യ സമ്മതിച്ചു.

"പറയാമല്ലോ.

ഇവിടെ അരിയുടെ കുറവുണ്ട്.

തേയിലയുടെ ഇല്ലായ്മയുണ്ട്.

പഞ്ചസാരയുടെ അഭാവമുണ്ട്."

അന്നു മുതൽ ആ ഭാര്യ എന്താ-ണോ പറയേണ്ടത് അതിന്റെ എതിരർഥ-മുളള വാക്കു മാത്രമേ പറയൂ.

"ദേ നിങ്ങളെക്കാണാൻ ഒരു മിത്രം വന്നു നിൽക്കുന്നു."

നസ്‌റുദ്ദീൻ മുല്ല ചെന്നു നോ-ക്കിയപ്പോൾ കണ്ണെടുത്താൽ കണ്ടുകൂടാ-ത്ത ശത്രു!

ലിയോവസന്തം

# സൈലൻസ്

ആളില്ലാത്ത അഞ്ച് സി കണ്ട്
ആറ് എയിലെ ടീച്ചർ
പറഞ്ഞു
പേരെഴുത് !
ലീഡർ ഉത്സാഹത്തോടെ തരംതിരിച്ചെ-ഴുതാൻ തുടങ്ങി.
കല്ല കളിച്ചവർ
കൂക്കിവിളിച്ചവർ
നാരങ്ങ നുണഞ്ഞവർ
നൂറാങ്കോലെറിഞ്ഞവർ
ചുട്ട പുളിങ്കുരു തിന്നവർ
പച്ചപ്പുളിമാങ്ങ പങ്കുവച്ചവർ
ബഞ്ച് കുതിരയാക്കിയവർ
ബലൂണൂതി പൊട്ടിച്ചവർ
ബഹളമയം

സഹികെട്ട് ക്ളാസ് ടീച്ചറുടെ വായസ്സൻ കസേര മേശമേൽ
കേറിയിരുന്നു.
കണ്ണട ശരിയാക്കി

ഗൗരവത്തോടെ പറഞ്ഞു.

'സൈലൻസ്... സൈലൻസ്...'

അതുകേട്ട
ആമിനയുടെ ഓമനക്കല്ല് ബാഗിലൊളിച്ച
ചിന്നുവിന്റെ പുളിങ്കുരു ചിതറി
ബലൂണുകൾ തലകറങ്ങി വീണ
കനത്ത നിശ്ശബ്ദത
അപ്പോൾ ക്ളാസിലേക്കു വന്ന ടീച്ചർ അന്തംവിട്ടു.

# *കർക്കടകക്കഞ്ഞി*

'കർക്കടകക്കഞ്ഞി' എന്താ ടീച്ചറേ.? ദേവൂട്ടിക്ക് സംശ-യം.

ആരിഫ ടീച്ചർ പറഞ്ഞു. കർക്കടകം നമ്മുടെ കൊ-ല്ല വർഷത്തെ

അവസാനമാസം. കർക്കടകത്തെ പ-ഞ്ഞക്കർക്കടമെന്നും

വിളിക്കാറുണ്ട്.

'അതെന്താ ?'

ഇത്തവണ ഹരിക്കാണ് സംശയം.

ശരി, ഞാൻ പത്രത്തിൽ വന്ന ഒരു കുറിപ്പ്

വായിച്ച് കേൾപ്പിക്കാം.

***പഞ്ഞക്കർക്കടകത്തിന്റെ ദോഷങ്ങളകറ്റാം.***

പഴമക്കാരുടെ മനസ്സിൽ കർക്കടകം പഞ്ഞമാസമായിരുന്നു. പഞ്ഞമാസമെ-ന്നാൽ പണിയില്ലാത്ത രോഗാതുരമായ തണുപ്പൻ മാസം. തോരാതെ പെയ്യുന്ന മഴയിൽ വീടിന് പുറത്തിറങ്ങാൻ കൂടി കഴിയാത്ത കാ-ലം. മഴക്കാലരോഗങ്ങളും കൈയിൽ കാശില്ലാത്ത വിഷമവും. കർഷകരായ സാധാരണ ജനങ്ങളെ ബുദ്ധി-മുട്ടിച്ചിരുന്ന നാളുകൾ. കർക്കടകത്തിന്റെ ദോഷങ്ങള-കറ്റാൻ പണ്ടുള്ളവർ ചില കരുതലുകളെടുത്തിരുന്നു. പ-ക്ഷികളും ജീവികളും പോലും മഴക്കാലത്തെ കരുതി ഭ-ക്ഷണം സൂക്ഷിച്ചുവയ്ക്കുന്നതുപോലെ മനുഷ്യനും ചില ഉപാധികൾ കണ്ടെത്തിയിരുന്നു. പഴഞ്ചൊല്ലിലൂടെ അത് വരും തലമുറയ്ക്ക് പകർന്ന് നൽ-കുകയും ചെയ്തു.

‘ തോരന് അമൃത് തളിച്ച പത്തിലകൾ ’

‘ചക്കേം മാങ്ങേം പത്തീസം
താളും തകരേം പത്തീസം
അങ്ങനേം ഇങ്ങനേം പത്തീസം ’ എന്ന പ-ഴഞ്ചൊല്ല് കർക്കടകത്തിലെ ഭക്ഷണ ദാരിദ്ര്യത്തെയും ഭക്ഷണക്രമത്തെയും സൂചിപ്പിക്കുന്നതാണ്.

സാധാരണക്കാരന്റെ ഭക്ഷണമായ കഞ്ഞിയിൽ പ-ച്ച മരുന്നുകളും, അങ്ങാടി മരുന്നുകളും ചേർത്ത് 'മരുന്നു കഞ്ഞി ' ഉണ്ടാക്കി കുടുംബത്തിൽ എല്ലാവരും കഴിക്കു-മായിരുന്നു.
ആരിഫ ടീച്ചർ വായന നിർത്തിയിട്ട് പറഞ്ഞു. ഇന്ന് നമ്മളും കർക്കടകക്കഞ്ഞി കുടിക്കാൻ പോകുന്നു. കർ-ക്കടകക്കഞ്ഞി ആർക്കൊക്കെ വേണം ? ടീച്ചർ ചോ-ദിച്ചു. എല്ലാ കുട്ടികളും കൈയുയുർത്തി സന്തോഷ-ത്തോടെ പറഞ്ഞു. എനിക്ക് ..... എനിക്ക്...

# *ചിന്നൻ പറഞ്ഞത്*

സ്കൂൾ അടച്ചു. ഇനി ചങ്ങാതിക്കൂട്ടത്തിന് പിടി-പ്പത് പണിയാണ്. എന്തൊക്കെ കളികളാണാ-വോ ഇനി ഈ പത്താളും കൂടി കാട്ടിക്കൂട്ടുന്നത്?
കുട്ടികളുടെ ഈ ചങ്ങാത്തത്തിന് വീട്ടുകാരുടെ സമ്മതമൊന്നുമില്ലെങ്കിലും അവർ അതൊന്നും കാര്യമാക്കാറില്ല. എന്നും വായനശാലയുടെ വരാന്തയിൽ അവർ കണ്ടുമുട്ടും. കളികളും ചർ-ച്ചകളും ആലോചനകളുമായി ആഘോഷിക്കും.

ഇന്നത്തെ കൂടിക്കാഴ്ചയി മഹേഷ് പറഞ്ഞു; "നമുക്കൊരു യാത്ര പോയാലോ, തൊമ്മൻ കുന്നിലേക്ക് ." പത്തുപേരുടെയും മ-നസ്സിൽ ലഡ്ഡു പൊട്ടി. എല്ലാവർക്കും സമ്മതം.

രാവിലെ തന്നെ പുറപ്പെട്ടു. നടന്നാണ് കയറ്റം. തളർച്ചയുണ്ട്. ദാഹത്തിന് ബാഗിൽ വെള്ളം. അപ്രതീക്ഷിതമായി ഒരു മഴ. ഒന്ന് ഓടിയാലോ.... കയറ്റമാണ് ഓടുക തന്നെ. ഒടു-വിൽ ആളൊഴിഞ്ഞ ആ കെട്ടിടത്തിൽ എത്തി-യെന്ന് പറഞ്ഞാൽ മതിയല്ലോ. മഴ തോരുന്ന ലക്ഷണം ഇല്ല. ഇടിയും മിന്നലും ഒപ്പമുണ്ടുതാ-നും. തിന്മ ചെയ്ത ആരോ ഉണ്ട് നമ്മുടെ കൂട്ട-ത്തിൽ, അതാ ഈ മഴയും മിന്നലും. രാജു പറ-ഞ്ഞു.

അയാൾ പുറത്തു പോണം ഈ കേട്ടിട-ത്തിൽ നിന്ന്. എല്ലാവരും തൊപ്പികൾ വാതി-ൽക്കൽ വയ്ക്കൂ. ആദ്യം കാറ്റടിച്ച് പോകുന്നത് ആരുടെ തൊപ്പിയാണോ അയാളാണ് പുറത്ത് പോകേണ്ടത് എന്നു പറഞ്ഞ് മഹേഷ് വാതി-ലിൽ തൊപ്പി വച്ചു.

കൂട്ടത്തിൽ ചെറുതെങ്കിലും ചിന്നൻ പറ-ഞ്ഞു. "കൂട്ടരേ, കൂട്ടത്തിൽ ഒരാളുടെ തിന്മകൊ-ണ്ടല്ല ബാക്കിയുള്ളവരുടെ നന്മകൊണ്ടാണ് ഈ മഴയിലും നിൽക്കാനൊരിടം കിട്ടിയതെ-ന്ന് ഓർത്ത് സന്തോഷക്കുകയല്ല ഈ സമയം ചെയ്യേണ്ടത് ?" എന്നാൽ അവനെ ആരും ചെ-വിക്കൊണ്ടില്ല.

വീശിയടിച്ച കാറ്റിൽ ഒരു തൊപ്പി പറ-ന്ന് മുറ്റത്തെ മഴയിലെക്ക് വീണു. അത് ചിന്ന-ന്റേതായിരുന്നു. മറ്റുള്ളവർ അവനെ പുറത്താ-ക്കിയതും മിന്നലിനൊപ്പം വന്ന ഇടിയിൽ ആ കെട്ടിടം ഇടിഞ്ഞു വീഴാൻ തുടങ്ങിയതും ഒന്നി-ച്ചായിരുന്നു.

## *ചെറുകഥ*

"തകര" എന്നു കേൾക്കുമ്പോൾ നിങ്ങൾ കേൾക്കുന്നത് തുരുമ്പിച്ച ഇരുമ്പുഷീറ്റെന്നാവും. ഞാൻ ജീവനുള്ള തകര.

ഈ വേനക്കാലത്ത് ഞെട്ടിക്കുന്ന ഒരു സംഭവം ഉണ്ടായി. പാലാക്കാട് ജില്ലയിലെ പടിഞ്ഞാറേ അറ്റത്തുള്ള പട്ടിക്കായൽ എന്നു വിളിക്കുന്ന വെള്ളക്കെട്ടിലാണ് എൻെറ താമാസം.ഇവിടുത്തെ വെള്ളം വളരെ അധികം വറ്റി. വരണ്ടു.എൻെറ കായ്കൾ പാടത്തു മുഴുവൻ പടർന്നുകിടന്നു.

കായലിൻെറ സമീപത്തുള്ളവരുടെ വേനൽക്കാല വരുമാനമാർഗമാണ് തകരപെറുക്കൽ ഇതിന് കൊച്ചുകുട്ടികൾ മുതൽ മറ്റു ജോലിക്കു പോകാൻ കഴിയാത്ത പ്രായമായവർ വരെ ഉണ്ടാകും. വീണു കിടക്കുന്ന കായ്കൾ ശേഖരിക്കുന്ന ഉണക്കി വിൽക്കും. തുടക്കത്തിൽ നല്ല വില കിട്ടുമെങ്കിലും ധാരാളമാവുമ്പോൾ വില കുറയും.

വെള്ളം വറ്റിയതു കൊണ്ട് ഒരു കഷണം പോലും ബാക്കി വയ്ക്കാതെ കായ്കൾ മുഴുവൻ അവർ ശേഖരിച്ച് വിറ്റു. ഇനി അടുത്ത വർഷം വരുന്ന കുട്ടികൾക്ക് ഞാനെന്തു കൊടുക്കും.

# തേൻമല

ഗോവിന്ദനും ജാനകിയും ഉറക്കമുണർന്നു,ചുറ്റും നോക്കി.അയ്യോ!
ഇതെന്താ...ഇങ്ങനെ?ചുറ്റും മഞ്ഞനിറം മാത്രം. ഗോവിന്ദൻ
മുയൽ മഞ്ഞ! ജാനകി ജിറാഫും മഞ്ഞ!  ഗോവിന്ദൻ മുയൽ
പച്ചപ്പുല്ല അന്വേഷിച്ചു,ജാനകി ജിറാഫ് പച്ചയിലയും.
ഇല്ല ഒരിടത്തുമില്ല. തേൻമല മഞ്ഞമലയിൽ
മഞ്ഞയില,മഞ്ഞമരങ്ങൾ,മഞ്ഞപ്പൂവ്,മഞ്ഞപ്പാറ.അങ്ങനെയെല്ലാം
മഞ്ഞ. ഇനിയെന്ത ചെയ്യും?
ഗോവിന്ദനും ജാനകിയും ചിമ്പു ഗുരുവിനെ കണ്ടു.
"ഹാ...ഹാ... മഞ്ഞയാണല്ലേ പ്രശ്നം"
ആരും നുണപറയാത്ത തേന്മലയിൽ ആരോ പറഞ്ഞു ഒരു കൊച്ചു
നുണ
കണ്ടുപിടിക്കു കുഞ്ഞുനുണയനെ
അവനോട് നീലക്കുളത്തിൽ മൂന്നു തവണ മുങ്ങാൻ പറയൂ.
ഗോവിന്ദനും
ജാനകിയും മല കയറിയിറങ്ങി.നുണയനെ കിട്ടിയില്ല.ഒടുവിൽ
ഞാവൽ മരത്തിൻ ചുവട്ടിൽ കുഞ്ഞനണ്ണാൻ പനിച്ച്
വിറച്ചിരിക്കുന്നു.

എന്തു പറ്റി? ജാനകി ചോദിച്ചു.

ഞാനിന്നലെ ഒരു നുണ പറഞ്ഞു.

സാരമില്ല. എന്റെ കൂടെ വരൂ, നീലക്കുളത്തിൽ മുങ്ങി വരാം.

ഗോവിന്ദനും ജാനകിയും കുഞ്ഞനണ്ണനും കൂടി നീലക്കളത്തിലെക്ക് കുഞ്ഞനണ്ണൻ മൂന്നു തവണ മുങ്ങപ്പൊങ്ങി.മഞ്ഞമല തേന്മലയായി പച്ചപ്പുല്ലും,നീലപ്പൂവും ചുവന്ന പഴവും അങ്ങനെ അങ്ങനെ നിറങ്ങൾ വിരിഞ്ഞു തേന്മലയിൽ. അവർ സന്തോഷത്തോടെ തുള്ളിച്ചാടി

# *നദികളും പോഷകനദികളും*

ഗംഗ

യമുന,രാംഗംഗ,ഗോമതി,ഗന്ധക്,കോസി,മഹാനന്ദ,തമ്സ,സോൺ,ഘാഗര, ടോൺസ്,അജോയ്.

ബ്രഹ്മപുത്ര

ദിബാങ്,ലോഹിത്,ധൻസിരി,കോലോങ്,കാമെങ്,മാനസ്,ടീസ്റ്റ,സുബാൻസിരി,ബെൻകി,ജൽധക,റൈദക്.

നർമ്മദ

ബൻജാർ,ഷേർ,ഷാക്കർ,താവ,കർജൻ,ധൂതി,ഛോട്ടാ,ഹിരൺ,കോലാർ,മാൻ,ഉറി,ഹട്നി,ഒർസാങ്.

ഗോദാവരി

ലിയോവസന്തം

ഇന്ദ്രാവതി,ശബരി,മഞ്ജീര,പ്രവര,സിന്ധ്ഫാന,ബൻഗംഗ,ശിവാന,പൂർണ ,പ്രാൺ,ഹിത,ധാർന.

മഹാനദി

ഷിയോനാഥ്,മാൻഡ്,ഹസ്ഡിയോ,ഓങ്,ടെലൻ,ജോങ്,പാരി.

കാവേരി

കബനി,അമരാവതി,ഹേമാവതി,ശിംഷാ,അർക്കാവതി,ലക്ഷ്മണതീർത്ഥം, നോയൽ.

# *ചിന്നൻ പറഞ്ഞത്*

സ്കൂൾ അടച്ചു. ഇനി ചങ്ങാതിക്കൂട്ടത്തിന് പിടി-പ്പത് പണിയാണ്. എന്തൊക്കെ കളികളാണാ-വോ ഇനി ഈ പത്താളും കൂടി കാട്ടിക്കൂട്ടുന്നത്?
കുട്ടികളുടെ ഈ ചങ്ങാത്തത്തിന് വീട്ടുകാരുടെ സമ്മതമൊന്നുമില്ലെങ്കിലും അവർ അതൊന്നും കാര്യമാക്കാറില്ല. എന്നും വായനശാലയുടെ വരാന്തയിൽ അവർ കണ്ടുമുട്ടും. കളികളും ചർ-ച്ചകളും ആലോചനകളുമായി ആഘോഷിക്കും.

ഇന്നത്തെ കൂടിക്കാഴ്ചയി മഹേഷ് പറഞ്ഞു; "നമുക്കൊരു യാത്ര പോയാലോ, തൊമ്മൻ കുന്നിലേക്ക് ." പത്തുപേരുടെയും മ-നസ്സിൽ ലഡ്ഡു പൊട്ടി. എല്ലാവർക്കും സമ്മതം.

രാവിലെ തന്നെ പുറപ്പെട്ടു. നടന്നാണ് കയറ്റം. തളർച്ചയുണ്ട്. ദാഹത്തിന് ബാഗിൽ വെള്ളം. അപ്രതീക്ഷിതമായി ഒരു മഴ. ഒന്ന് ഓടിയാലോ.... കയറ്റമാണ് ഓടുക തന്നെ. ഒടു-വിൽ ആളൊഴിഞ്ഞ ആ കെട്ടിടത്തിൽ എത്തി-യെന്ന് പറഞ്ഞാൽ മതിയല്ലോ. മഴ തോരുന്ന ലക്ഷണം ഇല്ല. ഇടിയും മിന്നലും ഒപ്പമുണ്ടുതാ-നും. തിന്മ ചെയ്ത ആരോ ഉണ്ട് നമ്മുടെ കൂട്ട-ത്തിൽ, അതാ ഈ മഴയും മിന്നലും. രാജു പറ-ഞ്ഞു.

അയാൾ പുറത്തു പോണം ഈ കേട്ടിട-ത്തിൽ നിന്ന്. എല്ലാവരും തൊപ്പികൾ വാതി-ൽക്കൽ വയ്ക്കു. ആദ്യം കാറ്റടിച്ച് പോകുന്നത് ആരുടെ തൊപ്പിയാണോ അയാളാണ് പുറത്ത് പോകേണ്ടത് എന്നു പറഞ്ഞ് മഹേഷ് വാതി-ലിൽ തൊപ്പി വച്ചു.

കൂട്ടത്തിൽ ചെറുതെങ്കിലും ചിന്നൻ പറ-ഞ്ഞു. "കൂട്ടരേ, കൂട്ടത്തിൽ ഒരാളുടെ തിന്മകൊ-ണ്ടല്ല ബാക്കിയുള്ളവരുടെ നന്മകൊണ്ടാണ് ഈ മഴയിലും നിൽക്കാനൊരിടം കിട്ടിയതെ-ന്ന് ഓർത്ത് സന്തോഷക്കുകയല്ല ഈ സമയം ചെയ്യേണ്ടത് ?" എന്നാൽ അവനെ ആരും ചെ-വിക്കൊണ്ടില്ല.

വീശിയടിച്ച കാറ്റിൽ ഒരു തൊപ്പി പറ-ന്ന് മുറ്റത്തെ മഴയിലെക്ക് വീണു. അത് ചിന്ന-ന്റേതായിരുന്നു. മറ്റുള്ളവർ

അവനെ പുറത്താ-ക്കിയതും മിന്നലിനൊപ്പം വന്ന ഇടിയിൽ ആ കെട്ടിടം ഇടിഞ്ഞു വീഴാൻ തുടങ്ങിയതും ഒന്നി-ച്ചായിരുന്നു.

# ചെറുകഥ

അമ്പിളിയും ശാലുവും ഉച്ചയൂണ്
കഴിഞ്ഞ് പുറത്തിറങ്ങി.സ്കൂളിൻെറ
അടുക്കളയിൽ അവർ ഒരുകാര്യം
ഒളിപ്പിച്ചുവച്ചിട്ടുണ്ട്.

അവർ എന്നും അതെടുത്ത് നോക്കും.ഇന്നും അതിനാ
പോകുന്നത്.

അടുക്കളവരാന്തയിലെ ജനലിൻെറ
പൊത്തിൽ നിന്ന് ആമിന അതെടുത്തു;ഒരു മത്തൻകുരു.
ഉള്ളം കൈയിൽ വച്ച്ആമിന
കുരു ശാലുവിന് കാട്ടി കൊടുത്തു.
ശാലുവിന് കൗതുകം,അവൾ തിരിച്ചും മറിച്ചും നോക്കി.

ഒറ്റത്തട്ട് . ശങ്കരൻ ഓടിപ്പോയി,
കുരുത്തം കെട്ടവൻ .ആ കുരു തെറിച്ചു പോയി. ആമിന
കരഞ്ഞുവിളിച്ചു മത്തൻകുരുവേ
നീ എവിടെയാണ് ? അവൾ ചുറ്റും
നോക്കി .ഒരിടത്തും കണ്ടില്ല.

നാളുകൾ കടന്നു പോയി.

ഒരു ദിവസം ആമിന വെള്ളം കുടിക്കാൻ അടുക്കളയിൽ
വന്നപ്പോൾ ആരോ അവളെ വിളിക്കുന്നു.

അവൾ ചുറ്റും തിരിഞ്ഞു.
അവൾ ആരെയും കണ്ടില്ല.
മുറ്റത്തിറങ്ങി നോക്കി .അതാ കൈകളുയർത്തി നിൽക്കുന്ന
മത്തൻ വള്ളികൾ. "ആമിനേ,ഇത് ഞാനാ.
നീ ലാളിച്ച മത്തൻ കുരു.നിനക്ക് ഞാനൊരു സമ്മാനം തരാം.ദാ
പിടിച്ചോ,ഇവനെ ,എൻെറ മത്തൻ
കുട്ടനെ.ഒരു സ്നേഹ സമ്മാനമായി.
ഒരു മുഴുത്ത മത്തനെആമിനയ്ക്ക് കൊടുത്ത് ആ മത്തൻ വള്ളികൾ
ചിരിച്ചു

# വീഴ്ത്തല്ലേ........

കുഞ്ഞിക്കാറ്റെ, വാ വാ വാ
കുഞ്ഞിനു കൂട്ടായ് വാ വാ വാ
കുഞ്ഞിൻ തോളിൽ തട്ടും പോൽ
കുഞ്ഞു മരങ്ങളെയാലോലം
ആട്ടി രസിച്ചു നടന്നാട്ടെ

എന്തൊരു ചന്തം കാണട്ടെ

ലിയോവസന്തം

എന്തൊരു മണമാണിവിടെല്ലാം
ചന്തം തിങ്ങും പൂവെല്ലാം
ചിന്തീടൊല്ലേ കൊള്ളൂല്ലാ.

കുഞ്ഞിക്കാറ്റെ വിക്രിതി നീ
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ......
നിന്നെ കാണുമ്പോഴെല്ലാം
വിങ്ങി വിറച്ചവർ മാറുന്നു

കുഞ്ഞിക്കാറ്റെ ചങ്ങാതി
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ
വീണവൾ താഴെച്ചെളിമണ്ണിൽ
വീണതു കണ്ടാൽ സങ്കടമാം
കുഞ്ഞിക്കാറ്റേ കുഞ്ഞിക്കാറ്റേ
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ

# ഗോൾ ഗോൾ

ആമിന ഗോളിയാവുന്നത് ഇതു രണ്ടാം തവണയാണ് .
ആദ്യ തവണ ആമിനയുടെ ടീം തോറ്റത് ഒരു റിക്കാർഡാണ്.
എങ്ങനെയാണ് ഇത്രയധികം പോസ്റ്റിൽ

എത്തിയത് എന്ന് എതിർ ടീമിനു പോലും മനസ്സിലായിട്ടില്ല.എന്നിട്ടും ആമിനയെ വീണ്ടും ഗോളിയാക്കുന്നതിൽ ക്യാപ്റ്റൻ അശോകേട്ടന് ഒരു സംശയവും ഉണ്ടായില്ല.

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആമിന ആദ്യമായി ഗോളിയാവുന്നത്.വിശാലമായ മൈതാനത്തിന് അരികിലാണ് അവളുടെ വീട്. മഴയില്ലാത്ത ദിവസങ്ങളിൽ ഫുട്ബോൾ കളിയുണ്ടാകും,കുറച്ച് ചെളിയുണ്ടെങ്കിലും കളി നടക്കും. കളിക്കാരെല്ലാം ചെളിയിൽ പുതഞ്ഞിട്ടുണ്ടാകും.ഗ്രൗണ്ടിൽ നിന്ന് പുറത്ത് പോകുന്ന പന്ത് എടുത്തുകൊടുക്കാൻ ആമിന ഓടിപ്പോകും.
അത് അവർക്കൊരു ഹരമാണ്.ഗ്രൗണ്ടിന്റെ ചുറ്റും ചെറുപ്രായത്തിലുള്ള ധാരാളം കുട്ടികളുണ്ടാകും.പന്ത് പുറത്തേക്ക് പോകുമ്പോൾ എല്ലാവരും പിന്നാലെ ഓടും.കൂടുതൽ തവണ ആമിനയ്ക്കാണ് കിട്ടുക.ക്രമേണ പുറത്ത് പോയാൽ കളിക്കാർ ആമിനാ...... എന്ന് വിളിക്കുന്നത് പതിവായി.

ഒരു ദിവസം ആമിന പന്ത് എടുത്തതും നാല ഞ്ചു പേർ പന്തിനായി കൈ നീട്ടി. ഒരു നിമിശം സംശയിച്ച് നിന്നിട്ട് കാല് പൊക്കി പന്ത് ഉയർത്തി അടിച്ചു. എല്ലാവരും പന്ത് ഉയർന്ന് പോകുന്നത് നോക്കി നിന്നു.ഉയരത്തിലേക്ക് പോകുകയാണ്,എല്ലാവരുടെയും മുഖം മുകളിലേക്കായിട്ടുണ്ട്.പലരും കഴുത്ത് വേദനിച്ച് ആമിനയെ നോക്കാൻ തുടങ്ങി.ചിലർ ദേശ്യപ്പെട്ടു.അധികം പേർക്കും എന്തു

**പറയണമെന്നറിയാതെയായി.ആമിന മുകളിലേക്ക് നോക്കി നിൽക്കുകയാണ്.അവൾ തല താഴ്ത്തിയതും എല്ലാവരേയും അത്ഭുതപ്പെടുത്തി പന്ത് താഴേക്ക് വീണു.എല്ലാവരും ആമിനയെ നോക്കി നിൽക്കുകയായിരുന്നു.**

ലിയോവസന്തം